<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2205 | 16/08/2017-ൽ മറുപടിക്ക്

## ചെറുകിട ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണത്തിന് കാലതാമസം

| | ചോദ്യം<br><br>**ശ്രീ.ജോർജ് എം. തോമസ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം തുടങ്ങുന്നതിന് കാല താമസം നേരിടുന്നത് മുഖ്യമായും പദ്ധതിയ്ക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസവും പദ്ധതി നടത്തിപ്പിനാവശ്യമായി വരുന്ന വനഭൂമി, ആദിവാസി ഭൂമി എന്നിവ കൈമാറികിട്ടുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും കൊണ്ടാണ്.<br>സ്വകാര്യ മേഖലയിൽ കോഴിക്കോട് ജില്ലയിലെ അരിപ്പാറ (4.5 MW), ആനക്കാംപോയിൽ (8MW), കക്കടാംപോയിൽ ഒന്നാം ഘട്ടം (21 MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിൽ കക്കടാംപോയിലിന്റെ തടയണ വിഭാവനം ചെയ്തിരിക്കുന്നത് മലപ്പുറം ജില്ലയിലും പവർഹൗസ് കോഴിക്കോട് ജില്ലയിലും ആണ്. ആനക്കാംപോയിൽ പദ്ധതിയുടെ പണികൾ നന്നായി നടക്കുന്നു.<br>അരിപ്പാറ പദ്ധതി പ്രദേശത്തെ ജനങ്ങളുടെയും നദി സംരക്ഷണ സമിതി |

(...2)

| | | | |
|---|---|---|---|
| | | | യുടെയും എതിർപ്പുകളും കേസുകളും കഴിഞ്ഞ് പണി പുനരാരംഭിച്ചിട്ടുണ്ട്.<br><br>21 MW ന്റെ കക്കടാംപോയിൽ ഒന്നാം ഘട്ടം (സിയാൽ കമ്പനിക്ക് അനുവദിച്ചത് 1PP) ത്തിന്റെ DPR അന്തിമരൂപം കൊടുക്കുന്ന സമയത്താണ് ഇതിന് ചാലിയാർ പഞ്ചായത്തിലെ വെള്ളം divert ചെയ്യുന്നു എന്ന പരാതി ഉയർത്തിയിട്ടുള്ളത്. ഇതു ചർച്ച ചെയ്യാൻ എം.എൽ.എ മാരും കളക്ടറും മറ്റു stake holders തല്പര കക്ഷികളുമായുള്ള ഒരു മീറ്റിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വിഷയം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് വകുപ്പു മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പരിഗണിക്കുന്നതാണ്, |

സെക്ഷൻ ഓഫീസർ